വെട്ടിപ്പ് ഇല്ല. ചെറിയ തോതിലുള്ള വെട്ടിപ്പിനുള്ള ശ്രമങ്ങൾ എവിടെയെങ്കിലും ഉണ്ടെങ്കിൽ അതു തടയുന്നതിന് ഫലപ്രദമായി കഴിയും എന്നു പറയുകയാണ്. അതോടൊപ്പം ശ്രീ. കെ.കെ. തോമസ് ഒരു ആവശ്യംകൂടി വയ്ക്കുകയുണ്ടായി. ഈ നടപടി സ്വീകരിക്കുമ്പോൾ കമ്പോളങ്ങളിൽ വിൽപ്പനയ്ക്കുകൊണ്ടു പോകുന്ന ചെറുകിട കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാകാൻ പാടില്ലെന്ന്. ഒരുവശത്ത് നിയന്ത്രണം ശക്തിപ്പെടുത്തണം മറുവശത്ത് കർഷകർ കമ്പോളത്തിൽ ഏലയ്ക്കാ വില്പനയ്ക്കു ശ്രമിക്കുമ്പോൾ പിടിക്കരുത്. അല്ലെങ്കിൽ ഹരാസ്മെന്റ് ഉണ്ടാകരുത്. ഇതു വളരെ ശ്രമകരമായ ജോലിയാണ്. ഹരാസ്മെന്റ് ഉണ്ടാകാതെ കള്ളക്കടത്തു നിയന്ത്രിക്കുക എന്നാണ് പറയുന്നത്. ഏതായാലും ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ ഇതു ചെയ്തുതീർക്കാൻ കഴിയും എന്നു വിശ്വസിക്കുന്നു. അതുകൊണ്ട് ഈ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ആത്മാർത്ഥമായി പ്രവർത്തിക്കുന്നതാണ് എന്നു ഞാൻ വ്യക്തമാക്കുകയാണ്.

(6) പാണ്ടിക്കോട് പരവർ കണ്ടി ഉമ്മർ എന്ന വൃദ്ധനെ കൊല ചെയ്ത സംഭവം സംബന്ധിച്ച്.

ശ്രീ. എ.കെ. പത്മനാഭൻ: എന്റെ നിയോജകമണ്ഡലത്തിൽ പെട്ട പാണ്ടിക്കോട് പ്രദേശത്ത് കഴിഞ്ഞ ആറാം തീയതി അർദ്ധരാത്രി പർവർകണ്ടി ഉമ്മർ എന്നു പറയുന്ന വൃദ്ധനെ ആരോ ചിലർ കൊലപ്പെടുത്തി. ഇതുവരെ പ്രതികളെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല. ആ പോലീസ് സർക്കിളിൽ തന്നെ മറ്റൊരു കൊലപാതകം നടന്നിട്ട് അഞ്ചാറു മാസമായിട്ടും ഇതുവരെ പ്രതികളെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. കോഴിക്കോട് ജില്ലയിൽ തെളിയിക്കപ്പെടാത്ത കൊലപാതകങ്ങളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഈ കൊലപാതകത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ശക്തികളെ കണ്ടുപിടിക്കാനാവശ്യമായ അടിയന്തിര നടപടികൾ എടുക്കണമെന്നു ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. വയലാർ രവി): ഉമ്മറിനെ അർദ്ധരാത്രിയോടുകൂടിയാണ് കൊലപ്പെടുത്തിയത്. ഉമ്മറിന്റെ നിലവിളി കേട്ട് അടുത്ത വീട്ടിൽനിന്നും ഭാര്യയും മക്കളും ഓടിയെത്തിയെങ്കിലും പ്രതികൾ ആരാണെന്നു തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ഇതു റൂറൽ എസ്.പി. യുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ അന്വേഷണം നടത്തിയെങ്കിലും ഒരു തുമ്പും കിട്ടാത്തതുകൊണ്ട് ഫ്രെഷ് ബാച്ച് ഏറെറടുക്കാനുള്ള നടപടി നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രതി ആരെന്ന് കണ്ടെത്താൻ അന്വേഷണം ഊർജ്ജിതമായി നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(7) മാനന്തവാടി ട്രാൻസ്പോർട്ട് ഗ്യാരേജ്

ശ്രീ. കെ. രാഘവൻ മാസ്റ്റർ: വയനാടിനെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ പരിപൂർണ്ണമായി ദേശവൽക്കരിച്ച ഒരു മേഖലയാണ്. വയനാട്ടിൽ വളരെയധികം യാത്രാക്ലേശം ഉണ്ടെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. മാനന്തവാടിയിൽ 1982-ൽ തറക്കല്ലിട്ടിട്ടുള്ള ഗ്യാരേജിന്റെ പണി ഇതുവരെയും പൂർത്തിയായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടില്ല. മറ്റു പല സ്ഥലങ്ങളിലും അതിനുശേഷം തറക്കല്ലിട്ട ഗ്യാരേജിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. മാനന്തവാടി ഗ്യാരേജിൽ ബസ് റിപ്പെയർ ചെയ്യാനുള്ള സംവിധാനമില്ല. താഴങ്ങാടിയിലുള്ള റിപ്പെയർ സ്ഥലത്ത് ആന നിന്നാൽ കാണാത്ത കുഴിക്കകത്തുകൂടിവേണം ബസ്സു കൊണ്ടുപോകുവാൻ. റിപ്പെയർ ചെയ്യാനുള്ള സംവിധാനമില്ലാത്തതുകൊണ്ട് സമയാസമയങ്ങളിൽ ബസ് ഓടിക്കാനുള്ള സംവിധാനവുമില്ല. അതുപോലെതന്നെ കൽപ്പറ്റയിൽ ഗ്യാരേജിന്റെ തറക്കല്ലിട്ടശേഷം യാതൊരു പ്രവർത്തനവും ഉണ്ടായിട്ടില്ല. അതുകൊണ്ട് മാനന്തവാടി ട്രാൻസ്പോർട്ട് ഗ്യാരേജിന്റെ പണി എത്രയുംവേഗം പൂർത്തിയാക്കുന്നതിന്, അവിടെ എന്ത് അപാകതയുണ്ടെങ്കിലും പരിശോധിച്ച് പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): സർ, മാനന്തവാടി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുവേണ്ടി 9 A.M.] 30-8-1982-നാണ് തറക്കല്ലിട്ടത്. താഴങ്ങാടി എന്ന സ്ഥലത്ത് ബസ്സ്റ്റേഷൻ നിർമ്മിക്കുന്നതിനാണ് സ്ഥലം തീരഞ്ഞെടുത്തിരുന്നതെങ്കിലും വിശദമായ പരിശോധനയിൽ പ്രസ്തുത സ്ഥലം മഴക്കാലത്ത് വെള്ളം കയറുന്ന ഭാഗമാണെന്ന് കണ്ടതിനെതുടർന്ന് മേലങ്ങാടിയിലെ വനംവകുപ്പിൽനിന്നും ആവശ്യമായ ഭൂമി ഏറ്റെടുക്കേണ്ടിവന്നു. അതാണ് കാലതാമസമുണ്ടായത്. ബസ് സ്റ്റേഷൻ പണിയുടെ കാര്യത്തിൽ പുതിയസ്ഥലത്ത് ഇപ്പോൾ നിർമ്മാണ ജോലികളാരംഭിച്ചു. മേൽക്കൂരയുടെ നിർമ്മാണംകൂടി പൂർത്തിയായാൽ അവിടെ പ്രവർത്തനം തുടങ്ങാൻ കഴിയും. പുതിയ ബസ് സ്റ്റേഷൻ നിർമ്മാണത്തിന് തടസ്സമായി ഹൈക്കോടതിയിൽ ഒരു സ്റ്റേയും നിലവിലുണ്ട്. മാനന്തവാടി സ്റ്റേഷൻ പൂർത്തിയാകുന്നതുവരെ അവിടെയുള്ള ബസ്സുകളുടെ മേജർ അറ്റകുറ്റപണികൾക്കുവേണ്ടി ബത്തേരിയിൽ എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. അദ്ദേഹം മറ്റൊരു കാര്യം സൂചിപ്പിച്ചു വളരെ യാത്രാക്ലേശമുണ്ട് എന്നുള്ളത്. അത് പൂർണ്ണമായി സമ്മതിക്കാൻ നിവൃത്തിയില്ല. ഇപ്പോഴത്തന്നെ കൽപ്പറ്റയിൽ 35 ഷെഡ്യൂളും മാനന്തവാടിയിൽ 35 ഷെഡ്യൂളും ബത്തേരിയിൽ 113 ഷെഡ്യൂളുകളും കൃത്യമായി ഓടിച്ചുകൊണ്ടിരിക്കുകയാണ്. പ്രയാസമുണ്ട് എന്നുള്ളത് ഗവൺമെന്റ് എതിർക്കുന്നില്ല. മാനന്തവാടി ബസ് സ്റ്റേഷൻ വളരെ വേഗം പണി തീരുന്നതാണ്. അതിനനുസരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പു നൽകുന്നു.

(8) സർക്കസ് കലാകാരൻമാർക്കുള്ള പെൻഷൻ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കേരളത്തിലെ സർക്കസ് കലാകാരൻമാർക്ക് പെൻഷൻ അനുവദിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് നടത്തിയ പ്രഖ്യാപനം വലിയ ഒരു ആശ്വാസമായിട്ടാണ് സർക്കസ് കലാകാരൻമാർക്ക് അനുഭവപ്പെട്ടിരുന്നത്. എന്നാൽ ഇതുവരെയായി 100 സർക്കസ് കലാകാരൻമാർക്കുമാത്രമേ പെൻഷൻ കിട്ടിയിട്ടുള്ളു. അർഹതപ്പെട്ട നിരവധി സർക്കസ് കലാകാരൻമാരുടെ അപേക്ഷകൾ ഇന്ന് കെട്ടിക്കിടക്കുകയാണ്, അർഹതപ്പെട്ടവരെ തിരഞ്ഞെടുക്കാൻവേണ്ടി രൂപീക

LIBRARY ARCHIVES Kerala Legislative Assembly